കേരളകൗമുദി

04 January 2022

സീ एम एफ आर आइ
CMFRI

# സി.എം.എഫ്.ആർ.ഐ വിന്റർസ്കൂളിന് തുടക്കം

കൊച്ചി: ശാസ്ത്രീയ പഠനങ്ങൾ ഗവേഷകരെ പരിശീലിപ്പിക്കുന്നതിനായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം സംഘടിപ്പിക്കുന്ന വിന്റർസ്കൂളിന് തുടക്കമായി. യു.എൻ ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷന്റെ (എഫ്.എ.ഒ) കീഴിൽ പ്രവർത്തിക്കുന്ന ബേ ഓഫ് ബംഗാൾ പ്രോഗ്രാം ഇന്റർ ഗവൺമെന്റൽ ഓർഗനൈസേഷൻ ഡയറക്ടർ ഡോ. പി. കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ അദ്ധ്യക്ഷനായി. 21 ദിവസം നീണ്ടുനിൽക്കുന്ന വിന്റർ സ്കൂളിൽ ജമ്മു കാശ്മീർ, പഞ്ചാബ്, ത്രിപുര, ഉത്തർപ്രദേശ്, ചത്തീസ്ഗഢ്, കർണാടക, തമിഴ്നാട്, കേരളം എന്നീ സംസ്ഥാനങ്ങളിൽ നിന്നായി 21 ഗവേഷകരാണ് പങ്കെടുക്കുന്നത്. വിന്റർ സ്കൂൾ കോഴ്സ് ഡയറക്ടർ ഡോ. രേഖ ജെ. നായർ, ഡോ. വി.മഹേഷ്, ഡോ. ആർ. രതീഷ് കുമാർ എന്നിവർ സംസാരിച്ചു.